സി. ജി. എഫ്. എൻ. എസ്. പരീക്ഷാകേന്ദ്രം നിർത്തലാക്കിയ നടപടി

150 [702] ശ്രീ. കെ. നാരായണക്കുറുപ്പ്:
,, റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി വകുപ്പിന്റെ ശ്രമഫലമായി കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല കേന്ദ്രമാക്കി ആരംഭിച്ച സി. ജി. എഫ്. എൻ. എസ്. പരീക്ഷാകേന്ദ്രം നിർത്തലാക്കാൻ ഉണ്ടായ സാഹചര്യം എന്താണെന്ന് സർക്കാർ അന്വേഷിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഈ കേന്ദ്രത്തിന്റെ ആവശ്യകത മനസ്സിലാക്കി സംസ്ഥാനത്ത് അതിന്റെ പ്രവർത്തനം വീണ്ടും ആരംഭിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സി. ജി. എഫ്. എൻ. എസ്.-ഉം കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയും തമ്മിൽ നിലവിലുണ്ടായിരുന്ന കരാർ നവംബർ 30, 2003-ന് അവസാനിച്ചു. വീണ്ടും ഇവിടെ സെന്റർ ആക്കുന്നതു സംബന്ധിച്ചുള്ള കാര്യങ്ങൾ ആരായുന്നതിന് ഒരു മുന്നംഗ കമ്മിറ്റിയെ കൊച്ചിൻ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് നിയോഗിച്ചിട്ടുണ്ട്.

(സി) സി. ജി. എഫ്. എൻ. എസ്.-ഉം കൊച്ചി സർവ്വകലാശാലയും തമ്മിലുള്ള കരാർ പുതുക്കാൻ കഴിഞ്ഞില്ലെങ്കിൽ ടി പരീക്ഷാ നടത്തിപ്പ് നോർക്ക വകുപ്പ് ഏറ്റെടുക്കാൻ തയ്യാറാണെന്ന് സി. ജി. എഫ്. എൻ. എസ്.-ന്റെ അമേരിക്കയിലുള്ള കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly